**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.280 — 28.01.2019 ൽ മറുപടിക്ക്

## ജില്ലാ ആശുപത്രികളിലെ ഒഴിവുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സജി ചെറിയാൻ | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ജില്ലാ ആശുപത്രികളിൽ ഡോക്ടർമാരുടെയും പാരാമെഡിക്കൽ തസ്തികകളിലും എത്ര ഒഴിവുകൾ വീതം നിലവിലുണ്ടെന്ന് അറിയിക്കാമോ; | (എ) സംസ്ഥാനത്ത് ആരോഗ്യ വകുപ്പിനു കീഴിൽ വരുന്ന ജില്ലാ ആശുപത്രികളിൽ ഡോക്ടർമാരുടെ 23 ഒഴിവുകൾ നിലവിലുണ്ട്. ഇവിടങ്ങളിലെ പാരാമെഡിക്കൽ തസ്തികയിലെ ഇനംതിരിച്ചുള്ള ഒഴിവുകൾ താഴെചേർത്തിരിക്കുന്നു: |

| | |
|---|---|
| 1. ബ്ലഡ്ബാങ്ക് ടെക്നീഷ്യൻ | 10 |
| 2. റേഡിയോ ഗ്രാഫർ | 20 |
| 3. ഡെന്റൽ ഹൈജീനിസ്റ്റ് | 4 |
| 4. ഡെന്റൽ മെക്കാനിക് | 1 |
| 5. ഒപ്റ്റോ മെട്രിസ്റ്റ് | 3 |
| 6. ഡയാലിസിസ് ടെക്നീഷ്യൻ | 16 |
| 7. റെഫ്രിജറേറ്റർ മെക്കാനിക്ക് | 1 |
| 8. ട്രീറ്റ്മെന്റ് ഓർഗനൈസർ | 3 |
| 9. റീഹാബിലിറ്റേഷൻ ടെക്നീഷ്യൻ | 4 |
| 10. ലാബ് ടെക്നീഷ്യൻ | 19 |
| 11. അനസ്തേഷ്യ ടെക്നീഷ്യൻ | 1 |
| 12. ഇ.സി.ജി.ടെക്നീഷ്യൻ | 3 |
| 13. ഫാർമസിസ്റ്റ് | 4 |

| ചോദ്യം | ഉത്തരം |
|---|---|
| (ബി) ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിലെ പ്രസ്തുത തസ്തികകളിലെ ഒഴിവുകളിൽ നിയമനം നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (ബി) ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിൽ കൺസൾട്ടന്റ് തസ്തികയിൽ നിലവിൽ ഒരു ഒഴിവുണ്ട്. പ്രസ്തുത ഒഴിവ് ഉദ്യോഗക്കയറ്റം നൽകി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ